# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4015</u> <u>25.06.2014 ൽ മറുപടിക്ക്</u>

## മുനമ്പം സർക്കാർ ആശുപത്രി വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മുനമ്പം സർക്കാർ ആശുപത്രി യിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ; | (എ) അസിസ്റ്റന്റ് സർജൻ - 2<br>സ്റ്റാഫ് നഴ്സ് -8<br>ഫാർമസിസ്റ്റ് -1<br>ഹെഡ് നഴ്സ് -2<br>നഴ്സിംഗ് അസിസ്റ്റന്റ് -6<br>ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -I - 1<br>ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II - 5<br>പാർട്ട് ടൈം ക്ലീനർ -1 |
| (ബി) രണ്ട് വർഷക്കാലമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഉണ്ടെങ്കിൽ ഒഴിവുനികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്ത മാക്കാമോ ; | (ബി) മുനമ്പം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്നത് ഒരു ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II ന്റെ തസ്തികയാണ്. പ്രസ്തുത ഒഴിവ് അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ഗൈനക്കോളജിസ്റ്റിന്റെ സേവനം രോഗികൾക്ക് ലഭ്യമാക്കുന്നതിനും ആശുപത്രി കെട്ടിടം പോലുള്ള അടിസ്ഥാന സൗകര്യവികസ നത്തിനും ഈ സർക്കാർ അധികാരത്തിൽ എത്തിയതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീ കരിക്കാമോ ? | (സി) മുനമ്പം പ്രാഥമികാരോഗ്യ കേന്ദ്രം ആയതിനാൽ ഗൈനക്കോളജിസ്റ്റിന്റെ തസ്തിക ഇല്ല. എന്നാൽ സ്ഥാപനം സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്താൻ വേണ്ട നടപടികൾ ചെയ്യാൻ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ വന്നതിനുശേഷം രോഗികൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി ഒരു ഭൂഗർഭ ടാങ്ക് നിർമ്മിക്കുകയും അത് വഴി വാർഡുകളിൽ ജലം എത്തിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ സ്റ്റെയർകേസ് പണിയുകയും പൊട്ടിതകർന്ന സെപ്റ്റിക്ക് ടാങ്കിനു പകരം പുതിയത് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ